**സബ്മിഷൻ**

(ശ്രീ. സനീഷ് കുമാർ ജോസഫ് സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല.)

(1) ജലജീവൻ പദ്ധതി

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ എന്റെ സബ്മിഷൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സബ്മിഷനുള്ള മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(2) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് മെഡിക്കൽ കോളേജിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഒന്നാം പിണറായി വിജയൻ സർക്കാർ കിഫ്ബി ധനസഹായത്തോടെ ആവിഷ്ക്കരിക്കുകയും 2019 ഫെബ്രുവരിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്ത മാസ്റ്റർപ്ലാനിന്റെ നിർവ്വഹണം വൈകുന്നതുസംബന്ധിച്ചുള്ളതാണ്

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

സബ്മിഷൻ. ഇതേ വിഷയത്തിൽ 2021 ഒക്ടോബർ 27-ന് സഭയിൽ ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി മറുപടി നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അടിയന്തര യോഗം വിളിച്ചിരുന്നു. പക്ഷെ പദ്ധതി ഇതുവരെയും എങ്ങും എത്തിയിട്ടില്ല. തറക്കല്ലിട്ട് അഞ്ച് വർഷം തികയുമ്പോൾ മൊത്തം പദ്ധതിയുടെ പത്തുശതമാനമെങ്കിലും പൂർത്തിയായിട്ടുണ്ടോയെന്ന കാര്യം സംശയമാണ്. പദ്ധതിയുടെ എസ്.പി.വി.യ്ക്കോ മെഡിക്കൽ കോളേജ് അധികൃതർക്കോ ഈ പദ്ധതി പൂർത്തിയാക്കണമെന്ന് ഒരു താൽപര്യവുമില്ലെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. എന്ത് ചോദിച്ചാലും ഇ-മെയിൽ ചെയ്തിട്ടുണ്ട്, ലെറ്റർ കൊടുത്തിട്ടുണ്ട് എന്നിങ്ങനെയുള്ള സ്ഥിരം പല്ലവിയല്ലാതെ ആത്മാർത്ഥമായ ഇടപെടൽ ഇരുകൂട്ടരുടെയും ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. തടസ്സങ്ങളുണ്ടാകുമ്പോൾ അവ മാറ്റുന്നതിന് ജനപ്രതിനിധികളെ സമീപിക്കുന്ന കീഴ്വഴക്കമൊന്നും അവർക്കറിയില്ല. ഏതെങ്കിലും ഫയൽ എവിടെയെങ്കിലും കുരുങ്ങിയാൽ അത് കാലങ്ങളോളം അവിടെ കിടക്കും. കുരുക്കഴിക്കുന്നതിനുള്ള ഫോളോ അപ് ഒന്നും നടത്തുന്നില്ല. ഈ സർക്കാരിന്റെ കാലവധി

പൂർത്തിയാകുന്നതിനുമുമ്പ് പദ്ധതിയുടെ 50 ശതമാനമെങ്കിലും പൂർത്തിയാക്കണമെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയുടെ എല്ലാ മാസങ്ങളിലുമുള്ള അവലോകനവും ശക്തമായ ഇടപെടലുമുണ്ടാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

## (3) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം

മി. സ്പീക്കർ: മറുപടി മേശപ്പുറത്ത് വയ്ക്കാവുന്നതാണ്. നേരത്തേ ശ്രീ. കെ.എം. സച്ചിൻദേവിനുള്ള മറുപടി മേശപ്പുറത്ത് വയ്ക്കുകയാണ് ചെയ്തത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വളരെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ട് ഒന്നുരണ്ട് പ്രധാനപ്പെട്ട പോയിന്റ്സ് പറഞ്ഞുകൊള്ളട്ടെ. ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ച കാര്യം, 717 കോടി രൂപയ്ക്കാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചത്. പിന്നീട് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിരുന്നില്ല. 717 കോടി രൂപയുടെ ആദ്യത്തെ പ്രോജക്ട്, ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ഫ്ലൈ ഓവർ നിർമ്മിക്കുകയും റോഡ് നിർമ്മാണം നടത്തുകയും ചെയ്തു. അതായിരുന്നു ഈ വർക്കുമായി ബന്ധപ്പെട്ട് ആദ്യമായി നിർമ്മിച്ച

കാര്യം. അത് പൂർത്തീകരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അത് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. അതുകൂടാതെ MLT ബ്ലോക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുവാദമുൾപ്പെടെ ലഭിക്കേണ്ട സാഹചര്യമുണ്ടായിരുന്നു. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയോട് പലതവണ ഇതുസംബന്ധിച്ച അനുമതിക്കുവേണ്ടി ശ്രമിച്ചു. അവസാനം ഇതിന്റെ അനുമതി ലഭിച്ചു. MLT ബ്ലോക്കിന് 194 കോടി രൂപയ്ക്ക് ഈ സർക്കാരിന്റെ കാലത്ത് ധനാനുമതി ലഭ്യമാക്കി. അതുകൂടാതെ അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ അതിന് അനുവാദം നൽകി, ടെണ്ടർ നടപടികൾ പൂർത്തിയാക്കി, ഒരു കോൺട്രാക്ടർ വർക്ക് ഏറ്റെടുത്തിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതാണ്ട് 10 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഇതുകൂടാതെ സർജിക്കൽ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനവും ഇതുപോലെയാണ്. ഇതുസംബന്ധിച്ചുള്ള ഭരണാനുമതികൾ നേരത്തേ നൽകിയിരുന്നുവെങ്കിലും ധനാനുമതിയും സാങ്കേതികാനുമതിയും ഈ കാലഘട്ടത്തിൽ ലഭ്യമാക്കി ഓരോ മാസവും മോണിറ്ററിംഗ്

നടത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. മൾട്ടിലെവൽ കാർ പാർക്കിംഗ് ഉൾപ്പെടെയുള്ള ബാക്കി പ്രവൃത്തികൾ 2023 ഡിസംബർ മാസത്തിൽ ധനാനുമതിക്കായി സമർപ്പിച്ചിട്ടുമുണ്ട്.+

(മി. സ്പീക്കർ)

+ വിശദമായ മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.